പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2144 26-10-2026-ൽ മറുപടിയ്ക്ക്

ഗ്രാമസഭകളിൽ പൊതുജനങ്ങൾക്ക് ഓൺലൈനായി പങ്കെടുക്കാൻ സംവിധാനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എൻ. കെ. അക്ബർ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) ഗ്രാമസഭകളിൽ ഓൺലൈനായി പൊതുജനങ്ങൾക്ക് പങ്കെടുക്കാൻ കഴിയുന്ന സംവിധാനം ഒരുക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ?

മറുപടി: ഉണ്ട്. ഗ്രാമസഭകളിൽ പൊതുജനങ്ങൾക്ക് ഓൺലൈനായി പങ്കാളികളാകാൻ കഴിയുന്ന സംവിധാനം ഏർപ്പെടുത്തുന്നത് സർക്കാരിന്റെ പരിഗണനയിലുള്ളതാണ്. പ്രസ്തുത സംവിധാനത്തിന്റെ നിർമ്മാണം സർക്കാരിന്റെ ഐടിദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ഇൻഫർമേഷൻ കേരള മിഷൻ (IKM) പൂർത്തീകരിച്ചിട്ടുണ്ട്. ഓൺലൈനായി ഗ്രാമസഭകളിൽ പങ്കെടുക്കുന്നത് സംബന്ധിച്ച് 1995-ലെ കേരള പഞ്ചായത്ത് രാജ് (ഗ്രാമസഭയുടെ യോഗം വിളിച്ചുകൂട്ടുന്നതിന്റെയും നടത്തുന്നതിന്റെയും നടപടി) ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് നടപടികൾ എടുത്തുവരുന്നു.

സെക്ഷൻ ഓഫീസർ